പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2900 **29-10-2026-ൽ മറുപടിയ്ക്ക്**

ഇടിയറക്കടവിൽ ഭൂതപ്പുഴക്ക് കുറുകെ പാലം നിർമ്മാണം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) ഇരിമ്പിളിയം ഗ്രാമപഞ്ചായത്തിൽ ഭൂതപ്പുഴയിൽ അവസാനിക്കുന്ന മേച്ചേരിപ്പറമ്പ് റോഡും പാലക്കാട് ജില്ലയിലെ പരളൂർ പഞ്ചായത്തിൽ ഭൂതപ്പുഴയിൽ അവസാനിക്കുന്ന പള്ളിപ്പുറം റെഗുലേറ്റർ കം ബ്രിഡ്ജ് റോഡും തമ്മിൽ ബന്ധിപ്പിച്ച് ഭൂതപ്പുഴയ്ക്ക് കുറുകെ പാലം നിർമ്മിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇടിയറക്കടവ് പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് പൊതുമരാമത്ത് വകുപ്പ് (ബ്രിഡ്ജസ് വിഭാഗം) സ്ഥലപരിശോധനയോ സാധ്യതാ പഠനമോ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

മറുപടി: പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് സ്ഥലപരിശോധന നടത്തുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) പാലം നിർമ്മാണത്തിനായുള്ള വിശദമായ പദ്ധതിരേഖ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുന്ന നടപടികൾ നിലവിൽ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ;

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

(ഡി) ഇരു പഞ്ചായത്തുകളുടെ വികസനത്തിന് ഏറെ പ്രയോജനകരമായ പ്രസ്തുത പാലം എത്രയും വേഗം യാഥാർഥ്യമാക്കി കടത്ത് തോണികളെ ആശ്രയിച്ചും കിലോമീറ്ററുകൾ ചുറ്റിക്കറങ്ങിയും യാത്ര ചെയ്യുന്ന പ്രദേശവാസികളുടെ യാത്ര ദുരിതം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ